ചിരിക്ക് ഡാ...

രജനീകാന്ത്
കബാലി

കൃഷ്ണരാജ്, കുടയത്തൂർ ജിഎച്ച്എസ്എസ് ഇടുക്കി.

കബാലി

അന്തമാതിരി
കബാലീന്ന് നെനച്ചാടാ...
കബാലി ഡാ''

ശബ്ദമായി താരങ്ങൾ
മണ്ണിലിറങ്ങിയ പകലിൽ
കണ്ണൂർ മനസ്സു നിറഞ്ഞു ചിരിച്ചു,
മനസ്സറിഞ്ഞു കയ്യടിച്ചു.
ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെയും
ഹയർ സെക്കൻഡറി വിഭാഗം ആൺകുട്ടികളുടെയും
മിമിക്രി വേദിയിൽ മുഴങ്ങിക്കേട്ട ഇടിവെട്ട്
ഡയലോഗുകളുമായി അവർ മെട്രോ മനോരമയിൽ.
ശ്രദ്ധേയമായ വേഷപ്പകർച്ചകളിലേക്ക്

വിക്രം
അന്യൻ

ഹൃദിൻ വിശ്വാസ് ബാബു
ചേന്ദമംഗലൂർ എച്ച്എസ്എസ്,
മുക്കം,കോഴിക്കോട്

അന്യൻ

'എന്നെ സുട്ഡാ, അന്ത
പെരുമാൾ സത്യമാ...അന്ത അഞ്ചു
കൊല്ലം, എന്ത തപ്പും പണ്ണലയാ,
പണ്ണതെ ഞാൻ താൻടാ...'

പഴനി

കറുത്തമ്മ
ഇവിടെ വരൂ....

സത്യൻ
ചെമ്മീൻ

മീനാക്ഷി മനോജ് കുമാർ
ജിഎച്ച്എസ്എസ്
അമ്പലപ്പുഴ
കൊല്ലം

ഗർവാസിസാശാൻ

എടാ...എൽദോ
അടിച്ചൊടിക്കെടാ
അവന്റെയും
കാല്...

ജനാർദനൻ
മാന്നാർ മത്തായി
സ്പീക്കിങ്

എം.എസ്.ആദർശ്
ടികെഡിഎം
ജിവിഎച്ച്എസ്എസ്,
കടപ്പാക്കട
കൊല്ലം

കണ്ണൂർ
മെട്രോ
2017 ജനുവരി 19 വ്യാഴം

മലയാള മനോരമ

കലോത്സവം

സംസ്ഥാന സ്കൂൾ
കലോത്സവം 2017

കണ്ണൂർ
മെട്രോ
2017 ജനുവരി 19 വ്യാഴം

മിമിക്രിയിൽ ഒന്നാമതെത്തിയ എം.ബിൻഷ ഉപ്പയും, മിമിക്രിതാരവുമായ കലാഭവൻ അഷ്റഫിനൊപ്പം.

ഇനി 'കലാഭവൻ ബിൻഷ'

● മിമിക്രി വേദികളിലെ മിന്നുംതാരം കലാഭവൻ അഷ്റഫിന്റെ മകൾക്ക് മിമിക്രിയിൽ ഒന്നാംസ്ഥാനം

കണ്ണൂർ● മിമിക്രിയെന്താ നിങ്ങടെ തറവാട്ടു സ്വത്താ...എന്നു ചോദിച്ചാൽ ബിൻഷയ്ക്ക് അതെയെന്ന് ഇനി ധൈര്യമായി പറയാം.

മലപ്പുറം എടപ്പാൾ പുക്കരത്തറ ഡിഎച്ച്എസ്എസിലെ പത്താംക്ലാസുകാരി എം.ബിൻഷയുടെ ഉപ്പ മിമിക്രി വേദികളിലെ മിന്നുതാരം കലാഭവൻ അഷ്റഫാണ്.

തുടർച്ചയായി ഇതു രണ്ടാംവട്ടമാണ് സംസ്ഥാന തലത്തിൽ ചിരിയുടെ മാലപ്പടക്കംപൊട്ടിച്ച് ഒന്നാമതെത്തുന്നത്.

കലാഭവനു വേണ്ടിയും കൊച്ചിൻഗിന്നസിനു വേണ്ടിയും വേദികളിലെത്തിയ അഷ്റഫ് തന്നെയാണു മകളെ മിമിക്രിവേദിയിലേക്കു കൈപിടിച്ചുവന്നത്.

പോറൽ പതിഞ്ഞ സിഡി, കാസറ്റ് കുടുങ്ങുമ്പോഴുള്ള ശബ്ദം, വോൾട്ടേജ് വ്യത്യാസം, ദഫ്മുട്ട്, ഗാംഭീര്യമുള്ള ശബ്ദങ്ങൾ തുടങ്ങി പലരും ശ്രമിക്കാത്ത ഇച്ചകൾ ഉയർത്തി ബിൻഷ.

പന്താവൂർ ഇർഷാദ് സ്കൂളിലെ അധ്യാപിക ബുഷറയാണ് ഉമ്മ. സഹോദരൻ അബാൻ മൂന്നാംക്ലാസ് വിദ്യാർഥിയും.

രാവിൻ തട്ടമിട്ട്: എച്ച്എസ്എസ് വിഭാഗം പെന്ന മത്സരത്തിനെത്തിയ മൊകേരി രാജീവ്ഗാന്ധി സ്മാരക എച്ച്എസ്എസിലെ കലാകാരികൾ രാത്രി പയ്യാമ്പലം ബീച്ച് സന്ദർശിക്കാനെത്തിയപ്പോൾ. മത്സരത്തിൽ ഇവർ രണ്ടാം സ്ഥാനം നേടി.

വിജയമാർഗം: ഹൈസ്കൂൾ വിഭാഗം മാർഗംകളിയിൽ എ ഗ്രേഡ് നേടിയ കണ്ണൂർ സെന്റ് തെരേസാസ് ആംഗ്ലോ ഇന്ത്യൻ സ്കൂൾ സംഘാംഗങ്ങൾ ബർണശേരി ഹോളി ട്രിനിറ്റി പള്ളിക്കുമുന്നിൽ.

മൊഞ്ചോടെ: എച്ച്എസ്എസ് ഒപ്പന മത്സരത്തിൽ എ ഗ്രേഡ് നേടിയ കണ്ണൂർ ഡിഐഎഎസ് ജിഎച്ച്എസ്എസ്

വേറെന്തു മാർഗം: മാർഗംകളി മത്സരത്തിനുള്ള കുട്ടികൾ വേദിയിലേക്ക് എത്തുമ്പോഴും ഭരതനാട്യ മത്സരം തീർന്നിരുന്നില്ല. ജവഹർ സ്റ്റേഡിയത്തിലെ വേദി നാലിൽ നിന്നുള്ള ദൃശ്യം.

മിഴി പാതിയടഞ്ഞ വേദികൾ

പുലരുവോളം നീണ്ട് മത്സരങ്ങൾ, നീളെ ദുരിതത്തിൽ കുട്ടികളും രക്ഷിതാക്കളും പിന്നെ വിധികർത്താക്കളും

രാവിലെ ഏഴര. എച്ച്എസ്എസ് വിഭാഗം പെൺകുട്ടികളുടെ ഭരതനാട്യ വേദിയിൽ ചെസ്റ്റ് നമ്പർ 169; അവസാനത്തെ, അതായത് 48ാമത്തെ മത്സരാർഥി. ചുമന്നു, നക്ഷത്രങ്ങളും വിടവാങ്ങി, സൂര്യനും പകൽവെളിച്ചവും ഏറ്റുവാങ്ങുന്നതുവരെ മത്സരം. നീണ്ടപ്പോൾ വലഞ്ഞതു പാവം കുട്ടികൾ. ചൊവ്വ ഉച്ചയ്ക്കു രണ്ടിന് ആരംഭിക്കുമെന്നറിയിച്ചിരുന്ന മത്സരം തുടങ്ങിയതു രാത്രി ഒൻപതേ മുക്കാലിന്. വ്യത്യാവാദ്യ മത്സരം നീണ്ടുപോയതായിരുന്നു കാരണം.

രാവെളുക്കുവോളം തെയ്യം കാണുന്ന കണ്ണൂരുകാർക്ക് ഇതിലെന്തു പുതുമ! അതുകൊണ്ടുതന്നെ മത്സരങ്ങൾ പുലർച്ചെ ഏഴായാലും നീണ്ടിട്ടും കാണികളേറെ. പക്ഷേ പക്ഷേ, മത്സരിക്കുന്ന കുട്ടികളുടെയും രക്ഷിതാക്കളുടെയും വിധികർത്താക്കളുടെയും സംഘാടകരുടെയും അവസ്ഥയോ; പരമദയനീയം.

പല കുട്ടികളും വേദിയിലെത്തിയത് പാതിയടഞ്ഞ കണ്ണുകളോടെ. ആദ്യദിവസം തുടങ്ങിയ ചവിട്ടുനാടകം രണ്ടാംദിനം പുലർച്ച ആറിനാണു തീർന്നത്. വിധിനിർണയം പരാതികളെത്തുടർന്നു മത്സരം തുടങ്ങാൻ വൈകിയതും അപ്പീലുകൾ എത്തിയതുമാണു കാരണങ്ങൾ.

രണ്ടാംദിനം ഹയർസെക്കൻഡറി പെൺകുട്ടികളുടെ ഭരതനാട്യം, അതിലേറെ വൈകി, ചൊവ്വ ഉച്ചയ്ക്ക് രണ്ടിനു തുടങ്ങേണ്ട മത്സരം അതേവേദിയിലെ വ്യത്യാവാദ്യമത്സരം നീണ്ടതിനെത്തുടർന്ന് ഏഴു മണിക്കൂർ വൈകി. അപ്പീലുകളുടെ എണ്ണത്തിലും ഭരതനാട്യം പുതിയ റെക്കോർഡ് ഇട്ടു; 37 പേർ. രാത്രി പത്തിനു പത്തുപേരുടെ പ്രകടനം പോലും തീർന്നിരുന്നില്ല. അവസാന ഇനം ലഭിച്ചവർ കാത്തിരുന്നുമടുത്തു. ചിലർ മത്സരകളിരിരുന്ന് ഉറങ്ങിപ്പോയി. ഹൈസ്കൂൾ വിഭാഗം തിരുവാതിരക്കളിയുടെ കാര്യവുമിതുതന്നെ. മത്സരം തീർന്നപ്പോൾ പുലർച്ച മൂന്നര. ഹയർസെക്കൻഡറി കഥാപ്രസംഗം പുലർച്ച നാലരവരെ നീണ്ടു.

ഓടിയെത്തി എ ഗ്രേഡിലേക്ക്

തൃശൂർ മമ്മിയൂർ എൽഎഫ്സിജിഎച്ച്എസ്എസിലെ നന്ദന ദേവദാസ് ഭരതനാട്യ മത്സരത്തിൽ അവസാന ഊഴക്കാരിയായിരുന്നു. എ ഗ്രേഡുണ്ട്.

ഇന്നലെ ഉച്ചയ്ക്കു വിളിച്ചപ്പോൾ അമ്മ പറഞ്ഞു, 'മോൾ ബോധംകെട്ടു ഉറങ്ങുകയാണ്.' മണിക്കൂറുകൾ കാത്തിരിപ്പ് നീണ്ടതിന്റെ മാത്രമല്ല, തൃശൂരിൽ നിന്നു പതിനൊന്നാം മണിക്കൂറിലെ ഓട്ടത്തിന്റെ കഥകൂടിയുണ്ട് അവർക്കു പറയാൻ. ജില്ലാ കലോത്സവത്തിൽ മൂന്നാംസ്ഥാനമേ കിട്ടിയുള്ളൂ.

അപ്പീൽ കിട്ടത്തതു കൊണ്ടല്ല 'ലോകായുക്ത' യെ സമീപിച്ചു. അവതരണാനുമതി കിട്ടിയതു ചൊവ്വ ഉച്ചയ്ക്കു 11ന്, ഉത്തരവ് കയ്യിൽ കിട്ടുന്നത് ഉച്ചയ്ക്കു രണ്ടിന്. കണ്ണുരിൽ മത്സരം ആരംഭിക്കുന്ന അതേ സമയം. രാത്രി എട്ടരയോടെ എത്തി. അവതരണത്തിന് അവസരം കിട്ടിയതു രാവിലെ ഏഴരയ്ക്ക്.

മയങ്ങിപ്പോയി... രാവേറെ നീണ്ട മത്സരം. കാണാൻ ആൾയേറെ. പക്ഷേ, മയക്കം വിടാതെ പിടികൂടിയാലോ. ചില പാതിമയക്കക്കാഴ്ചകൾ.

നഗരവഴിയിൽ തനിച്ചായ പെൺകുട്ടിയെ ഇവർക്കെത്രയോ പരിചയം. ആൾക്കൂട്ടത്തിലും ഭയത്തിന്റെ നിഴലുകൾ വന്നുതൊടുന്ന പുതുകാലത്തെ കവിതയിലേക്ക് കൊണ്ടുവരികയാണ് നാലു പെൺകുട്ടികൾ.

കവിതാരചന മത്സരത്തിൽ പങ്കെടുക്കാനെത്തിയ വിഷ്ണുപ്രിയ, ഐശ്വര്യ, ലയരാജൻ, അപ്സര രാജ്.

കലോത്സവ കവിതാരചനാ മത്സരത്തിൽ പങ്കെടുക്കാനെത്തിയ ബി.അപ്സര രാജ് (കെകെകെപിഎം ജിഎച്ച്എസ്എസ്, അമ്പലപ്പുഴ, ആലപ്പുഴ), ലയ രാജൻ (ജിബിഎച്ച്എസ്എസ്, കൊട്ടാരക്കര, കൊല്ലം), എ.എസ്.ഐശ്വര്യ (ജിഎച്ച്എസ്എസ്, നോർത്ത് പറവൂർ, എറണാകുളം) ആർ.എസ്.വിഷ്ണുപ്രിയ (എഎംഎച്ച്എസ്എസ്, തിരുവനന്തപുരം) എന്നിവർ പേർത്തെഴുതിയ കവിത.

കവിത

ജ്വാല!

അലറും നിശബ്ദത ചുഴ്ന്നൊരീ
രാവിന്റെ ഇരുളിൽ തനിച്ചീ നഗരത്തിൽ നീ
ഭയമറങ്ങിയിതു നീ ദൂരേക്ക്,
പൊരുതണം നിൻ നേരെയെയ്യും കരങ്ങളോട്

നീളും നഖങ്ങൾ നിൻ കണ്ണുകൾ ചുഴ്ന്നിടാം
നിലവിളിയൊച്ചയിൽ നിന്നെയുലച്ചിടാം
ഉണരണേ, മൃഗരണമൊരു പരുന്തായ്
നിൻ ഉടൽ കൊത്തും വിഷപ്പല്ല് കൊത്തിയടർത്തുവാൻ

ഇരുൾവഴിയിലിടറാതെ, പതറാതെ
ജ്വാലയായ് നിറയൂക!